പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5950 | 04.07.2019 ൽ മറുപടിക്ക്

## കൊച്ചുവേളി ടെർമിനലിന്റെ വികസനം

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | മറുപടി<br>ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊച്ചുവേളി ടെർമിനലിന്റെ വികസനം അനന്തമായി നീളുന്നത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും കൊച്ചുവേളി ടെർമിനലിന്റെ വികസനം അനന്തമായി നീളുന്നത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ടി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തിയാക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി എം.പിമാർ ഉൾപ്പെടെയുള്ളവരുടെ സഹായത്തോടുകൂടി റെയിൽവേ ബോർഡിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. |
| (ബി) പ്രസ്തുത ടെർമിനൽ വികസനത്തിനായി തിരുവനന്തപുരം ഡിവിഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ട് എട്ടുമാസം പിന്നിട്ടിട്ടും ഈ പ്രൊപ്പോസലിന് അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ എം.പി.മാരുടെ സഹായത്തോടുകൂടി റെയിൽവേ ബോർഡിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ